Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വകേരളം 2012 - കർമ്മപരിപാടി അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 2839/2012/തസ്വഭവ      തീയതി, തിരുവനന്തപുരം 10.10.2012

==========================================================================

പരാമർശം: 1) സ.ഉ.(എം.എസ്) നം. 239/11/തസ്വഭവ തീയതി 30.9.2011.
2) സ.ഉ.(എം.എസ്) നം. 240/11/തസ്വഭവ തീയതി 30.9.2011.
3) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18/9/2012ലെ 4022/ഡി/2012/എസ്.എം നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്ത് മാലിന്യനിർമ്മാർജ്ജനം ലക്ഷ്യം വച്ചു കൊണ്ട് ശക്തമായ സമ്പൂർണ്ണ ശുചിത്വ കാംപെയിൻ 2011 ഒക്ടോബർ മാസം മുതൽ ഒരു വർഷക്കാലത്തേക്ക് ഒരു ജനകീയ സംരംഭമായി സംഘടിപ്പിക്കുവാൻ പരാമർശം 1 പ്രകാരം തീരുമാനിച്ചത് പ്രകാരം പരാമർശം 2 പ്രകാരം വിവരവിജ്ഞാന വ്യാപന പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കിയിരുന്നു. പ്രസതുത സന്ദേശം കൂടുതൽ ജനങ്ങളിൽ എത്തിക്കുവാൻ മുൻവർഷം നടപ്പിലാക്കിയ പരിപാടികളുടെ തുടർപരിപാടികൾ ആവശ്യമാണെന്നും സമൂഹത്തിലെ എല്ലാ ശ്രേണിയിൽപ്പെട്ടവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഉറവിടമാലിന്യ സംസ്കരണ. യൂണിറ്റുകൾ സ്ഥാപിക്കുന്നത് ലക്ഷ്യമിടുന്നതിനായി 'ശുചിത്വകേരളം 2012' എന്ന പദ്ധതിക്ക് ശുചിത്വമിഷൻ രൂപം നൽകുകയും പരാമർശം 3 പ്രകാരം അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതോടനുബന്ധമായി ചേർത്തിരിക്കുന്ന 'ശുചിത്വകേരളം 2012' കർമ്മപരിപാടി അംഗീകരിച്ചും, പരിപാടി സംസ്ഥാനയുവജനക്ഷേമബോർഡ്, നെഹ്റുയുവകേന്ദ്ര, കേരള യൂണിവേഴ്സിറ്റി ഗാന്ധിയൻ പഠനകേന്ദ്രം, സ്റ്റുഡന്റ്-പോലീസ് കോർപ്പ്സ്, എൻ.എസ്.എസ്, എൻ.സി.സി/ സ്കൗട്ട്, ഹെൽത്ത്ക്ലബ്ബ്, സന്നദ്ധസംഘടനകൾ, എന്നിവരുടെ സഹകരണത്തോടെ ആവശ്യമായ തുക സംസ്ഥാനശുചിത്വ മിഷന്റെ CCDU ഫണ്ട്, മാലിന്യവിമുക്തകേരളം

മീഡിയ കാംപെയിൻ ഫണ്ട്, ജില്ലാ ശുചിത്വമിഷനുകളുടെ IEC ഫണ്ട്, അതാത് സർക്കാർ വകുപ്പുകളുടെ/ ഏജൻസികളിൽ ലഭ്യമായ തുക എന്നിവയിൽ നിന്ന് ചെലവഴിക്കുവാൻ അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട വകുപ്പുകളെ/ഏജൻസികളെ ഏകോപിപ്പിച്ച് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മേൽനോട്ടം വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
റ്റി.ജെ.മാത്യു,
സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), Kerala,Thiruvananthapuram.
അക്കൗണ്ടന്റ് ജനറൽ(A&E)/(LBA&A), Kerala,Thiruvananthapuram.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്: പഞ്ചായത്തുകളും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
തസ്വഭവ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-ക്ക്.
തസ്വഭവ സെക്രട്ടറിയുടെ പി.എ-ക്ക്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

# ശുചിത്വ കേരളം 2012

## കർമ്മ പരിപാടി

ശുചിത്വ മിഷൻ
തദ്ദേശ സ്വയം ഭരണ വകുപ്പ്
കേരള സർക്കാർ
പനവിള ജംഗ്ഷൻ
തിരുവനന്തപുരം - 14
ഫോൺ - 0471 - 2327730, 2339831
ഫാക്സ് : 0471 - 2326334
E-mail : suchitwamission@gmail.com

# ശുചിത്വ കേരളം 2012

**ആമുഖം :** ശുചിത്വം മനോഭാവമായി, സംസ്ക്കാരമായി മാറുമ്പോഴാണ് ആരോഗ്യമുള്ള തല മുറയും സുരക്ഷിതമായ പരിസ്ഥിതിയും സാധ്യമാകുന്നത്. മനുഷ്യന്റെ നിലനില്പിനും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കും ഇത് ആവശ്യമാണ്. ശുചിത്വ കേരളം 2012 മഹത്തായ ഈ ലക്ഷ്യത്തിലേക്ക് ഊന്നൽ നൽകുന്നു. മുൻവർഷം നടപ്പിലാക്കിയ ബോധവൽക്കരണ പരിപാടികളുടെ പിൻബലത്തിൽ പുതിയൊരു ശീലവല്ക്കരണ കർമ്മ പദ്ധതിയാണ് ഇപ്പോഴത്തെ ലക്ഷ്യം. കേന്ദ്രീകൃത മാലിന്യ സംസ്ക്കരണമല്ല ഉറവിട മാലിന്യ സംസ്ക്കരണമാണ് അഭികാമ്യം. ആയതിലേക്കുള്ള പ്രവൃത്യുന്മുഖ പദ്ധതികൾ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്നു.

| |
|---|
| **ശീലവല്ക്കരണം, ഉറവിടമാലിന്യ സംസ്ക്കരണം, മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ എന്നിവ ലക്ഷ്യമിടുന്നു** |

**ശുചിത്വ കേരളം 2011 - ൽ :** ശുചിത്വ കേരളം 2011 ൽ ശുചിത്വം മാലിന്യം, മാലിന്യ സംസ്ക്കരണം എന്നീ വിഷയങ്ങളിൽ ബോധവല്ക്കരണ പരിപാടികൾക്കായിരുന്നു മുൻതൂക്കം നൽകിയത്. സുകൃതപുരം, ശുചിത്വ ഗ്രാമം , ഹരിത ഗ്രാമം, ജില്ലാ തല പ്രദർശന വില്പന മേളകൾ, വിവിധ ബോധവല്ക്കരണ പരിപാടികൾ, ഒഴിവുകാല വിദ്യാലയ ക്യാമ്പുകൾ മുതലായവ വഴി ശുചിത്വ കാര്യത്തിൽ ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങളുടെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും കഴിഞ്ഞു. എന്നാൽ പൊതു പങ്കാളിത്തത്തിന്റെ കുറവും പ്രാദേശിക ഭരണ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തുന്നതിലുണ്ടായ സംഘാടന കുറവും സാങ്കേതിക ജ്ഞാന ത്തിലെ അപര്യാപ്തതയും പല പദ്ധതികളേയും പ്രതീക്ഷയ്ക്കൊപ്പം ഉയർത്താൻ കഴിഞ്ഞില്ല. ഉദാ. തിരുവനന്തപുരം നഗരസഭയിൽ ഒരു ലക്ഷം പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് അനുവദിച്ച തുകയിൽ 30000 മാത്രമേ നാളിതു വരെ സ്ഥാപിച്ചിട്ടുള്ളൂ. ഇത്തരം അപാകതകൾ പരിഹരിക്കുവാനാണ് ശുചിത്വ കേരളം 2012 പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

'ശൈശവ ശുദ്ധി ശാശ്വത ശുദ്ധി', 'അക്ഷരമുറ്റം ശുചിത്വമുറ്റം' 'ശുചിത്വ ഭൂമി സുന്ദര ഭൂമി' എന്നിങ്ങനെ മൂന്നു പദ്ധതികൾ യഥാക്രമം കുട്ടികൾ, യുവാക്കൾ, മുതിർന്നവർ എന്നിവർക്കായി രൂപ കല്പന ചെയ്തിരിക്കുന്നു.

1. **ശൈശവ ശുദ്ധി ശാശ്വത ശുദ്ധി** :- ശിശുക്കളെ ശാരീരിക മാനസിക വിശുദ്ധിയുടെ ലോകത്തേയ്ക്ക് കൈപിടിച്ചു നടത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത് . അഞ്ചുവയസിനു താഴെയുള്ള കുട്ടികളാണ് ലക്ഷ്യ വിഭാഗം. അംഗൻവാടികൾ, നഴ്സറികൾ, ശിശുഭവനങ്ങൾ, പ്രീ സ്ക്കൂളുകൾ തുടങ്ങി കുട്ടികളുമായി ഇടപെടുന്ന സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പാക്കേണ്ടത്.

ലക്ഷ്യ വിഭാഗത്തെ കണ്ടെത്തി കണക്കെടുക്കുക, അവരവരുടെ നിലവിലുള്ള ശുചിത്വാവസ്ഥ രേഖപ്പെടുത്തുക, അന്വേഷിച്ചു കണ്ടെത്തുന്ന കുറവുകൾ രക്ഷകർത്താക്കളേയും സ്ഥാപനങ്ങളേയും അറിയിക്കുക എന്നിവ പ്രാഥമിക ഘട്ടത്തിൽപെടുന്നു. രണ്ടാം ഘട്ടത്തിൽ കുട്ടികളുടെ ശുചിത്വാരോഗ്യത്തിനാവശ്യമായ സാഹചര്യമൊരുക്കുക, അതിന് വേണ്ടുന്ന വിഭവങ്ങൾ സമാഹരിച്ച് യഥാസമയം വിതരണം ചെയ്യുക, ദിശാഗതി നിയന്ത്രണവും മൂല്യ നിർണ്ണയവും നടത്തുക, കണ്ടെത്തുന്നതും നടപ്പിലാക്കുന്നതുമായ കാര്യങ്ങൾ ഡോക്യൂമെന്റ് ചെയ്യുക എന്നീ പ്രവർത്തനങ്ങൾ ഒരു പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്.

| |
|---|
| **അഞ്ചു വയസുവരെയുള്ളവർ ലക്ഷ്യ വിഭാഗം. ശിശുക്കളിൽ ശാസ്ത്രീയമായ ശുചിത്വ ശീലം വളർത്തുക ലക്ഷ്യം. സാഹചര്യ സർവ്വെ, ഭൗതീക സാഹചര്യമൊരുക്കൽ, ദിശാഗതി നിയന്ത്രണം, മൂല്യ നിർണ്ണയം, ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ** |

2. **അക്ഷരമുറ്റം ശുചിത്വ മുറ്റം** :- ശൈശവത്തിൽ ഉപബോധ മനസിൽ ആർജ്ജിച്ച ശുചിത്വ ബോധം ഉള്ളിൽ ഉറപ്പിക്കുകയും ബോധപൂർവ്വം അത് പ്രാവർത്തികമാക്കാൻ ബാല്യ കൗമാരങ്ങളെ വിദ്യാലയാന്തരീക്ഷത്തിൽ പ്രാപ്തമാക്കുകയും ചെയ്യുക എന്നതാണ് 'അക്ഷരമുറ്റം ശുചിത്വ മുറ്റം' കൊണ്ടുദ്ദേശിക്കുന്നത്. 'വിദ്യാലയങ്ങളിലൂടെ വീട്ടിലേയ്ക്ക് വീട്ടിൽ നിന്ന് നാട്ടിലേയ്ക്ക്" എന്നതാണ് മുദ്രാവാക്യം.

വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ, പ്രാദേശിക സർക്കാരുകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ പങ്കാളിത്തത്തോടെ ഹെൽത്ത് ക്ളബിന്റെ മേൽ നോട്ടത്തിൽ ഇതര വിദ്യാലയ ക്ളബുകളുടെ സഹകരണത്തോടെ പദ്ധതി പ്രാവർത്തികമാക്കണം. ഒരു പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ സ്ക്കൂളിൽ നിലവിലുള്ള ശുചിത്വ സൗകര്യങ്ങൾ വിലയിരുത്തി ആവശ്യങ്ങൾ കണ്ടെത്തുകയും പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. കക്കൂസുകളുടെ ഉപയോഗം, ക്ളാസ് മുറികളിൽ മാലിന്യം തരംതിരിച്ച് ശേഖരിക്കാനുള്ള ബക്കറ്റുകൾ വയ്ക്കുക, കുടിവെള്ള സംരക്ഷണം, ലഘുവായ മാലിന്യ സംസ്ക്കരണ സമ്പ്രദായം നടപ്പിലാക്കുക, പ്ളാസ്റ്റിക്കിന്റെ ദുരുപയോഗം ഒഴിവാക്കുക, പ്രകൃതി സൗഹൃദ വസ്തുക്കൾ നിർമ്മിക്കുന്നതിനും ഉപയോഗിക്കുന്നതിനും ശീലിപ്പിക്കുക, ജൈവ കൃഷിയിൽ പരിജ്ഞാനം നൽകുക, ശുചിത്വ സംരക്ഷണ പ്രോജക്ട് നിർമ്മാണം പാഠ്യ പദ്ധതിയിൽപെടുത്താൻ നടപടി എടുക്കുക. സ്ക്കൂളിലെ ശുചിത്വ പ്രവർത്തനങ്ങൾ വീടുകളിലേയ്ക്കും അവിടെ നിന്ന് ചുറ്റുപാടുകളിലേയ്ക്കും വ്യാപിപ്പിക്കുക തുടങ്ങിയ കർമ്മ പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതിയിലേയ്ക്ക് കുട്ടികളെ ആകർഷിക്കുവാൻ പ്രോത്സാഹന സമ്മാനം, ഗ്രെയ്സ് മാർക്ക് സമ്പ്രദായം മുതലായവ ഏർപ്പെടുത്തുന്നത് പ്രയോജനം ചെയ്യും.

**ശുചിത്വ സർവ്വെ സ്കൂളിലും പരിസരത്തും, വിഭവ സമാഹരണം വിതരണം, ശുചിത്വ സാഹചര്യമൊരുക്കൽ, പ്രചരണോപാധികളുടെ നിർമ്മാണം, ദിശാഗതി നിയന്ത്രണം, മൂല്യ നിർണ്ണയം, അവാർഡ്**

3. **ശുചിത്വ ഭൂമി സുന്ദര ഭൂമി** : നാം വസിക്കുന്നഭൂമിയെ മാലിന്യ മുക്തമാക്കി സംരക്ഷിക്കേണ്ടത് നമ്മുടെ തന്നെ ചുമതലയാണ്. എന്നാൽ അനിയന്ത്രിതമായ ജനസംഖ്യാ വർദ്ധന, ഭൂ വിസ്തൃതിയുടെ അപര്യാപ്തത, പ്രകൃതിയിലുണ്ടാവുന്ന വ്യതിയാനങ്ങൾ, ജല സമൃദ്ധമായ ഭൂപ്രകൃതി, ആധുനിക ഉപഭോഗസംസ്ക്കാരം തുടങ്ങി നിരവധി കാരണങ്ങളാൽ മാലിന്യ പ്രശ്നം അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. മാലിന്യ മുക്തകേരളം എന്ന ആശയം ക്ഷിപ്രസാധ്യമല്ലെങ്കിലും മാലിന്യത്തിന്റെ അളവും സ്വഭാവവും നിയന്ത്രിക്കാൻ പ്രയാസമില്ല. അതുവഴി ക്രമേണ ഒരു മാലിന്യ മുക്ത കേരള സൃഷ്ടിയിലേക്ക് പദ്ധതി ലക്ഷ്യമിടുന്നു.

നിലവിൽ ശുചിത്വമിഷൻ ഗ്രാമീണ മേഖലയിലൂന്നി നടപ്പിലാക്കി വരുന്ന 'ശുചിത്വ ഗ്രാമം ഹരിതഗ്രാമം' പദ്ധതിയോടു ചേർത്ത് പുതിയ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നു. മാലിന്യത്തിന്റെ അളവു കുറയ്ക്കുക ഉറവിട മാലിന്യ സംസ്ക്കരണം ശീലിപ്പിക്കുക, മാലിന്യം വളമായും ഇന്ധനമായും മാറ്റുക, ജൈവ കൃഷി വ്യാപനം, ജല ശുദ്ധി കാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത്. നിലവിലുള്ള ശുചിത്വ സംവിധാന സർവ്വേ, ശുചിത്വ മനോഭാവ സർവ്വെ, പ്രദർശന വിപണന മേളകൾ, വിഭവ സമാഹരണം, ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങളുടെ വ്യാപനം, പച്ചക്കറിത്തോട്ട നിർമ്മാണം, ദിശാഗതി നിയന്ത്രണവും മൂല്യ നിർണ്ണയവും തുടങ്ങിയ കാര്യങ്ങൾ ഒരു പ്രവർത്തന കലണ്ടറിന്റേയും മാർഗ്ഗ രേഖയുടെയും അടിസ്ഥാനത്തിൽ സമയ ബന്ധിതമായി നടപ്പിലാക്കാവുന്നതാണ്. ഇക്കാര്യത്തിൽ സന്നദ്ധ സംഘടനകളുടെ സഹകരണം അത്യാവശ്യമായതിനാൽ അവയേയും പദ്ധതി പ്രവർത്തനത്തിൽ ഭാഗമാക്കേണ്ടതാണ്.

**ശുചിത്വ ശീലവല്ക്കരണം, മാലിന്യത്തിന്റെ തോത് കുറയ്ക്കുക, മണ്ണ് ജല സംരക്ഷണം, ഉറവിട മാലിന്യ സംസ്ക്കരണ വ്യാപനം, പ്ളാസ്റ്റിക് ഒഴിവാക്കൽ, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ, 'വ്യക്തി ശുദ്ധി, ഗൃഹശുദ്ധി, സമൂഹ ശുദ്ധി,ശുചിത്വ ഭൂമി' എന്നത് മുദ്രാവാക്യം**

## സഹകരിക്കുന്ന ഇതര സ്ഥാപനങ്ങൾ

സംസ്ഥാന യുവജന ക്ഷേമബോർഡ്, നെഹ്റു യുവക് കേന്ദ്ര, ലൈബ്രറി കൗൺസിൽ, സ്റ്റുഡന്റ് പോലീസ് കോർപ്സ്, നാഷണൽ സർവ്വീസ് സ്കീം, സ്ക്കൗട്ട് ആന്റ് ഗൈഡ്സ്, എൻ.സി.സി., വിവിധ സ്ക്കൂൾ ക്ളബുകൾ, കേരള യൂണിവേഴ്സിറ്റി ഗാന്ധിയൻ പഠന

കേന്ദ്രം, ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളും വകുപ്പുകളും, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണം പദ്ധതി നടത്തിപ്പിന് സഹായകമാകും.

**കാഴ്ചപ്പാട്**

സമൂഹത്തിലെ എല്ലാ ശ്രേണിയിലും പെട്ടവരുടെ കൂട്ടായ്മയിലൂടെ മാത്രമേ ശുചിത്വ കേരളം എന്ന ലക്ഷ്യം നേടാൻ കഴിയു. മാലിന്യം ഉണ്ടാക്കാതിരിക്കുക എന്നതും ഉണ്ടാക്കിയവയെ ശാസ്ത്രീയമായി ഒഴിവാക്കുക എന്നതും സ്വന്തം കടമയാണെന്ന് ഓരോരുത്തരും തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം. ഇതിന് നിലവിലുള്ള തെറ്റായ ശുചിത്വ ശീലങ്ങളും മനോഭാവവും മാറ്റേണ്ടതുണ്ട്.

വികേന്ദ്രീകൃതമായുണ്ടാക്കുന്ന മാലിന്യം കേന്ദ്രീകൃത സംസ്ക്കരണ സമ്പ്രദായത്തിലൂടെ ഇല്ലാതാക്കാമെന്ന കാഴ്ചപ്പാടിൽ തന്നെ മാറ്റമുണ്ടാവണം. എന്റെ മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനുമാത്രമാണെന്ന ചിന്തയും ശരിയല്ല. മാലിന്യം വലിച്ചെറിയാൻ തുടങ്ങുമ്പോൾ ഓരോരുത്തരുടേയും ഉള്ളിൽ നിന്ന് 'No' എന്ന ശബ്ദം താക്കീതായി ഉയർന്നു വരേണ്ടതുണ്ട്. ഇക്കാര്യത്തിൽ പുതിയൊരുകാഴ്ചപ്പാട് ഉണ്ടാകേണ്ടതായിരിക്കുന്നു.

2012 ഗാന്ധി ജയന്തി ദിനത്തിലാരംഭിക്കുന്ന ശുചിത്വ കേരളം പദ്ധതിയിലൂടെ 2013 ഗാന്ധി ജയന്തിക്കു മുമ്പായി ശുചിത്വ മേഖലയിൽ ആശാവഹമായ പദ്ധതികൾ നടപ്പിലാക്കി പുതിയൊരു കേരള സമൂഹ സൃഷ്ടി സാധ്യമാക്കാൻ കഴിയും.

ഡയറക്ടർ (ഓപ്പറേഷൻസ്)
എക്സിക്യൂട്ടീവ് ഡയറക്ടർക്കു വേണ്ടി